REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 30-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **കമ്മീഷനിംഗിന് ഒരുങ്ങി വിഴിഞ്ഞം, മറ്റന്നാൾ പ്രധാനമന്ത്രി നരേന്ദ്ര മോദി തുറമുഖം നാടിന് സമർപ്പിക്കും.**
- **ജമ്മുകശ്മീരിലെ നിയന്ത്രണ രേഖയിൽ വീണ്ടും പാക് പ്രകോപനം. ശക്തമായി തിരിച്ചടിച്ച് ഇന്ത്യ.**
- **വിശാഖ പട്ടണത്ത് കനത്ത മഴയിൽ ക്ഷേത്രമതിൽ തകർന്ന് ഏഴ് മരണം. കൊൽക്കത്തയിലെ തീപിടിത്തത്തിൽ മരണസംഖ്യ 15 ആയി.**
- **മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി KM എബ്രഹാമിനെതിരായ അനധികൃത സ്വത്തു സമ്പാദന കേസ് സുപ്രീം കോടതി സ്റ്റേ ചെയ്തു.**
- **തൃശൂർ പൂരത്തിന് കൊടിയേറി.**
- **IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളിയാഴ്ച നാടിന് സമർപ്പിക്കും. രാവിലെ 11 ന് വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, MP മാർ, MLA മാർ തുടങ്ങി നിരവധി പേർ പങ്കെടുക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട് ........

......(വോയ്സ് )....

✪✪✪

വിഴിഞ്ഞം തുറമുഖം രാജ്യത്തിനു സമർപ്പിക്കുന്ന ചടങ്ങിൽ പങ്കെടുക്കില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് ചടങ്ങിലേക്ക് തന്നെ വിളിച്ചിട്ടില്ലെന്നും, വിഴിഞ്ഞം തുറമുഖം UDF ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം കൊണ്ടുണ്ടായതാണെന്നും അല്ലാതെ LDF ഗവൺമെന്റിന്റെ സംഭാവനയല്ലെന്നും പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോടു പറഞ്ഞു.

പിണറായി ഗവൺമെന്റിനെ വിമർശിച്ചാൽ വിമർശിക്കുന്നവർ വികസന വിരുദ്ധരും, നാടിന്റെ ശത്രുക്കളുമായി തീരുന്നത് എങ്ങനെയാണെന്ന് സതീശൻ ചോദിച്ചു. നരേന്ദ്രമോദി ഗവൺമെന്റിനെ വിമർശിച്ചാൽ, വിമർശിക്കുന്നവരെ ദേശവിരുദ്ധരെന്ന് മുദ്ര കുത്തുന്നതുപോലെ തന്നെയാണ് പിണറായിയുടെയും സ്വരമെന്ന് VD സതീശൻ കുറ്റപ്പെടുത്തി. വികസനത്തിന് പണം കണ്ടെത്താൻ പ്രയാസപ്പെടുന്ന LDF ഗവൺമെന്റ്, കോടികളുടെ ധൂർത്താണ് നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തുന്നതെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025 പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വൈകീട്ട് മുംബൈയിൽ ഉദ്ഘാടനം ചെയ്യും.

ജിയോ കൺവെൻഷൻ സെന്ററിലെ 15,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരുക്കിയ വേദിയിലാണ് മാധ്യമം, വിനോദം, സാങ്കേതികവിദ്യ മേഖലകളിലെ ആഗോള പ്രദർശനം നടക്കുക.

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. വിനോദ മേഖലയിലെ നൂതനാശയം, സർഗ്ഗാത്മകത, സീമാതീതമായ സഹകരണം എന്നിവയുടെ സംഗമമായിരിക്കും വേവ്സ് ഉച്ചകോടി. വ്യവസായ രംഗത്തെ പ്രമുഖർ, നിക്ഷേപകർ, അത്യാധുനിക സാങ്കേതിക വിദ്യാ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025 പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വൈകീട്ട് മുംബൈയിൽ ഉദ്ഘാടനം ചെയ്യും.

ജിയോ കൺവെൻഷൻ സെന്ററിലെ 15,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരുക്കിയ വേദിയിലാണ് മാധ്യമം, വിനോദം, സാങ്കേതികവിദ്യ മേഖലകളിലെ ആഗോള പ്രദർശനം നടക്കുക.

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. വിനോദ മേഖലയിലെ നൂതനാശയം, സർഗ്ഗാത്മകത, സീമാതീതമായ സഹകരണം എന്നിവയുടെ സംഗമമായിരിക്കും വേവ്സ് ഉച്ചകോടി. വ്യവസായ രംഗത്തെ പ്രമുഖർ, നിക്ഷേപകർ, അത്യാധുനിക സാങ്കേതിക വിദ്യാ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

✪✪✪

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യത്തിന്റെ വെടിവയ്പ്പിന് കനത്ത തിരിച്ചടി നൽകി ഇന്ത്യൻ സൈന്യം. നൗഷേറ, സുന്ദർബനി, അഖ്നൂർ മേഖലകൾക്ക് എതിർവശത്തെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം യാതൊരു പ്രകോപനവുമില്ലാതെ വെടി ഉതിർക്കുകയായിരുന്നു.

ബാരമുള്ള, കുപ്‌വാര ജില്ലകളിലും പർഗ്വാൾ സെക്ടറിലെ അന്താരാഷ്ട്ര അതിർത്തിയിലും പാകിസ്ഥാൻ സൈനിക പോസ്റ്റുകളിൽ നിന്ന് വെടിവയ്പ്പുണ്ടായി.

✪✪✪

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കന്നതിനും ഇന്ത്യയെ സാമ്പത്തിക ശക്തിയായി മാറ്റുന്നതിനും ദേശീയ- സംസ്ഥാന തലത്തിൽ രാഷ്ട്രീയ സ്ഥിരത അനിവാര്യമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. ഡൽഹി സർവകലാശാലയിൽ 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച 'റൺ ഫോർ വൺ നേഷൻ' ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

വിശാഖപട്ടണത്ത് കനത്ത മഴയിൽ ക്ഷേത്ര മതിൽ തകർന്നുവീണ് ഏഴ് പേർ മരിച്ചു. 15-ഓളം പേർക്ക് പരുക്കേറ്റു. വിശാഖപട്ടണം സിംഹാചലം ക്ഷേത്രത്തിൽ ചന്ദനോത്സവം നടക്കുന്നതിനിടെ, ഇന്ന് പുലർച്ചെയായിരുന്നു അപകടം. ഉത്സവത്തിൽ പങ്കെടുക്കാൻ ക്യൂ നിന്നിരുന്ന ആളുകളുടെ ദേഹത്തേക്കാണ് മതിൽ ഇടിഞ്ഞുവീണത്.

NDRF, SDRF ടീമുകളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം നടത്തി. പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി. ആന്ധ്രാപ്രദേശ് ആഭ്യന്തര മന്ത്രിയും ജില്ലാ ഭരണകൂടവും സ്ഥിതിഗതികൾ നിരീക്ഷിക്കുന്നുണ്ട്.

വിശാഖപട്ടണത്ത് മതിൽ തകർന്ന് സ്ത്രീകൾ ഉൾപ്പെടെ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ദുഃഖം രേഖപ്പെടുത്തി. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെ എന്ന് രാഷ്ട്രപതി  പറഞ്ഞു.

സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് സാമൂഹിക മാധ്യമ പോസ്റ്റിൽ അറിയിച്ചു.

✪✪✪

കൊൽക്കത്തയിലെ  തീപിടിത്തത്തിൽ മരണസംഖ്യ  15 ആയി.  നഗര മധ്യത്തിലെ ഫാൽപട്ടി മച്ചുയ്ക്ക് സമീപത്തെ ഹോട്ടലിലാണ് ഇന്നലെ രാത്രി എട്ടേകാലോടെ തീപിടുത്തമുണ്ടായത്.

കൊൽക്കത്ത  തീപിടിത്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖം അറിയിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് രണ്ട് ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് 50,000 രൂപ വീതവും,  പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുമെന്നും നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പരിക്കേറ്റവർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംബാ ഡാൻസ് പരിശീലനം നൽകുന്നതിന്റെ  ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. 15 സ്കൂളുകളിൽ നിന്ന് ആയിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സൂംബാ അവതരിപ്പിക്കും. സംസ്ഥാന ഗവൺമെന്റിന്റെ  ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ  ഭാഗമായാണ് പദ്ധതി.

✪✪✪

സംസ്ഥാനത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ഡോ. A. ജയതിലക് ഇന്ന് ചുമതലയേൽക്കും. വിരമിക്കുന്ന ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ വൈകിട്ട് നാലരയ്ക്ക്  ചുമതല പുതിയ ചീഫ് സെക്രട്ടറിക്ക് കൈമാറും.

✪✪✪

സംസ്ഥാന വനംവകുപ്പ് മേധാവി ഗംഗാസിംഗ്, ഇന്ന് സർവീസിൽ നിന്ന് വിരമിക്കും. 1988 IFS ബാച്ചുകാരനായ അദ്ദേഹം ഉത്തരാഖണ്ഡ് സ്വദേശിയാണ്.

1991 ൽ നോർത്ത് വയനാട് അസിസ്റ്റന്റ് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററായാണ് സംസ്ഥാന സർവീസിലെത്തിയത്.

✪✪✪

സുപ്രീം കോടതി ജഡ്ജി, ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായിയെ ഇന്ത്യയുടെ 52-ാം ചീഫ് ജസ്റ്റിസ് ആയി രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. നിയമനം അടുത്ത മാസം 14ന് പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര നിയമമന്ത്രി അർജ്ജുൻ റാം മെഘ്‌വാൾ ന്യൂഡൽഹിയിൽ അറിയിച്ചു. മഹാരാഷ്ട്ര സ്വദേശിയാണ് ജസ്റ്റിസ് ഗവായ്. നിലവിലെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ കാലാവധി അടുത്ത മാസം 13 ന് അവസാനിക്കും.

✪✪✪

ഇന്ന് ബസവ ജയന്തി ദിനം. കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവ്, കിരൺ റിജിജു, പ്രൽഹാദ് ജോഷി, ശോഭ കരന്തലജെ, BJP M.P തേജസ്വി സൂര്യ തുടങ്ങിയവർ പാർലമെന്റ് സമുച്ചയത്തിൽ ഗുരു ബസവേശ്വരയ്ക്ക് പുഷ്പാർച്ചന നടത്തി. പ്രേരണ സ്ഥലിൽ ഗുരു ബസവേശ്വരന്റെ പ്രതിമ അനാച്ഛാദനം ചെയ്തതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി KM എബ്രഹാമിനെതിരായ അനധികൃത സ്വത്ത് സമ്പാദന കേസിൽ, CBI അന്വേഷണം സുപ്രീം കോടതി സ്റ്റേ ചെയ്തു. കേസ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് KM എബ്രഹാം സമർപ്പിച്ച ഹർജിയിലാണ് കോടതി ഉത്തരവ്. ഇക്കാര്യത്തിൽ CBI യ്ക്കും സംസ്ഥാന ഗവൺമെന്റിനും നോട്ടീസയക്കാനും കോടതി ഉത്തരവിട്ടു. ജസ്റ്റിസ് ദീപാങ്കർ ദത്ത അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

✪✪✪

താള മേളങ്ങളും വർണ്ണ വിസ്മയങ്ങളുമായി വീണ്ടും ഒരു പൂരം വരുന്നു. ഇന്ന് 11.30 ന് തിരുവമ്പാടിയിലും 12.30 ന് പാറമേക്കാവിലും പൂരത്തിന് കൊടിയേറി.

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....

......(വോയിസ്).....

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

കലിംഗ സൂപ്പർ കപ്പ് ഫുട്ബാൾ സെമിഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ വൈകീട്ട് 4.30 ന് ആദ്യ സെമിയിൽ മോഹൻ ബാഗൻ, FC ഗോവയെയും, രാത്രി 8 ന് മറ്റൊരു മത്സരത്തിൽ മുംബൈ സിറ്റി, ജംഷഡ്പൂർ FC യെയും നേരിടും.

✪✪✪

അടുത്ത വർഷത്തെ ഏഷ്യൻ ഗെയിംസിന് ജപ്പാനിലെ എയ്ച്ചി, നഗോയ നഗരങ്ങൾ വേദികളാകും. സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 4 വരെയാണ് ഏഷ്യൻ ഗെയിംസ്. ഗെയിംസിൽ, ക്രിക്കറ്റ് നാലാം തവണയും നില നിർത്തിയിട്ടുണ്ട്.

✪✪✪

രണ്ട് പതിറ്റാണ്ടോളം ഇന്ത്യൻ ഷൂട്ടിങ് ടീമിന്റെ മുഖ്യ പരിശീലകനായിരുന്ന, ദ്രോണാചാര്യ സണ്ണി തോമസ് അന്തരിച്ചു - 85 വയസ്സായിരുന്നു. കോട്ടയം ഉഴവൂരിൽ രാവിലെയായിരുന്നു അന്ത്യം.

കോട്ടയം തിടനാട് മേക്കാട്ട് കെ.കെ.തോമസിന്റെയും മറിയക്കുട്ടിയുടെയും മകനായി 1941 സെപ്റ്റംബർ 26നാണ് സണ്ണി തോമസിന്റെ ജനനം. കോട്ടയം സിഎംഎസ് കോളജിലായിരുന്നു വിദ്യാഭ്യാസം. തേവര സേക്രഡ് ഹാർട്ട് കോളജിലും ഉഴവൂർ സെന്റ് സ്റ്റീഫൻസിലും അധ്യാപകനായി സേവനം ചെയ്തു.

ഷൂട്ടിങ്ങിൽ 5 തവണ സംസ്ഥാന ചാംപ്യനും 1976ൽ ദേശീയ ചാംപ്യനും ആയിരുന്നു. 2001ൽ സണ്ണി തോമസിനെ 'ദ്രോണാചാര്യ' ബഹുമതി നൽകി രാജ്യം ആദരിച്ചു. വിവിധ ഒളിംപിക്സുകളിലായി ഷൂട്ടിങ്ങിൽ ഇന്ത്യ സ്വർണം, വെള്ളി മെഡലുകൾ നേടിയത് സണ്ണി തോമസിന്റെ കാലത്തായിരുന്നു.

✪✪✪

മൂന്നരപതിറ്റാണ്ടിലധികം നീണ്ട പൊലീസ് സർവീസിൽ നിന്ന് ഇന്ത്യൻ ഫുട്ബോൾ ഇതിഹാസം IM വിജയൻ ഇന്ന് വിരമിക്കും. കേരള പൊലീസ് ടീമിൽ ഫുട്ബോൾ താരമായി എത്തിയ വിജയൻ MSP ഡപ്യൂട്ടി കമാൻഡന്റായാണ് പടിയിറങ്ങുന്നത്. ഇന്നലെയാണ് വിജയന് ഡപ്യൂട്ടി കമാൻഡന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത്.

1987ൽ, 18-ാം വയസ്സിൽ ഹവിൽദാറായാണ് IM വിജയൻ പോലീസ് സേനയിൽ പ്രവേശിച്ചത്.

✪✪✪

റാപ്പ് ഗായകൻ ഹിരൺദാസ് മുരളിയെന്ന വേടനെ തൃശ്ശൂരിൽ എത്തിച്ചു തെളിവെടുത്തു. വേടന് പുലിപ്പല്ലിൽ വെള്ളികെട്ടി നൽകിയ ജ്വല്ലറിയിലും വീട്ടിലും എത്തിച്ചാണ് തെളിവെടുത്തത്.

രാവിലെയാണ് വിയൂർ പവർഹൗസ് ജംഗ്ഷനിലെ സരസ ജ്വല്ലറി വർക്സിൽ, വനംവകുപ്പിന്റെ നേതൃത്വത്തിൽ വേടനെ എത്തിച്ചത്. പുലിപ്പല്ല് ആണെന്ന് അറിയാതെയാണ് വെള്ളിയിൽ കെട്ടി നൽകിയതെന്നും വേടനെ മുൻപരിചയം ഇല്ലായിരുന്നെന്നും ജ്വല്ലറി ഉടമ സന്തോഷ് കുമാർ കഴിഞ്ഞ ദിവസം പ്രതികരിച്ചിരുന്നു. വേടനെ വീട്ടിലെത്തിച്ചും തെളിവെടുത്തു.

✪✪✪

ഭിന്നശേഷി ജീവനക്കാരുടെ സെക്രട്ടേറിയറ്റ് സമരം തുടങ്ങി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഗവൺമെന്റ് സർവീസിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്ത മുഴുവൻ ഭിന്നശേഷി ജീവനക്കാരെയും സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടാണ് സമരം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*